**പതിമൂന്നാം കേരളനിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.333 — 30.11.2015 ന് മറുപടിയ്ക്ക്.

**മാവൂരിൽ വെറ്റ് ലാന്റ് കമ്മ്യൂണിറ്റി റിസർവ്വ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ.റഹിം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ വെറ്റ് ലാന്റ് ആയി മാറിയ പ്രദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവരുന്ന പക്ഷികളുടെ ഒരു സങ്കേതമായി മാറുകയും ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ, തെങ്ങിലക്കടവ്, പുത്തൻകുളം, പെപ്പ് ലൈൻ, കൽപ്പള്ളി പ്രദേശങ്ങൾ തണ്ണീർ-ത്തടങ്ങളായി മാറിയശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വരുന്ന പക്ഷികളുടെ സങ്കേതമായി മാറുന്നത് ശ്രദ്ധയിൽപ്പെടുകയും ആയത് സംരക്ഷിക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ സ്ഥലം കമ്മ്യൂണിറ്റി റിസർവ്വാക്കി മാറ്റുന്നത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ; | (ബി) മേൽ സ്ഥലം കമ്മ്യൂണിറ്റി റിസർവ്വ് ആക്കി മാറ്റുന്നതിന് 14.11.2012 തീയതിയിൽ സ്ഥലം എം.എൽ.എ സമർപ്പിച്ച നിവേദനവും 11.06.2013 തീയതിയിൽ മാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി സമർപ്പിച്ച നിവേദനവും വന്യജീവി വിഭാഗം മുഖ്യവനപാലകന് ലഭ്യമായിട്ടുണ്ട്. |
| (സി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) മേൽ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് അന്വേഷണം നടത്തുകയും താഴെ പറയുന്ന തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>മേൽ സ്ഥലങ്ങൾ കമ്മ്യൂണിറ്റി റിസർവ്വ് ആയി പ്രഖ്യാപിക്കുന്നതിന് നീർത്തടങ്ങൾ ജി.പി.എസ് |

ഉപയോഗിച്ച് സർവ്വെ ചെയ്ത് തയ്യാറാക്കാൻ പ്രദേശം പരിചയമുള്ള മാവൂർ ഗ്രാമ പഞ്ചായത്തിലേയും, വില്ലേജ് ഓഫീസിലേയും ഉദ്യോഗസ്ഥരുടെ സേവനവും നീർത്തടങ്ങളുടെ ഉടമസ്ഥരുടെ വിശദവിവരങ്ങളും ലഭ്യമാക്കുന്നതിന് മാവൂർ പഞ്ചായത്ത് സെക്രട്ടറിയോട് 31.10.2014 ൽ ആവശ്യപ്പെട്ടുവെങ്കിലും സർവ്വേ ചെയ്യേണ്ട സ്ഥലം സ്വകാര്യ വ്യക്തികളുടെ സ്ഥലമായതിനാലും ഭൂവുടമകളുടെ സമ്മതപത്രം ലഭ്യമല്ലാത്തതിനാലും സർവ്വേ നടത്താൻ സാധ്യമല്ല എന്ന 01.01.2015 ലെ ഭരണ സമിതി തീരുമാനം മാവൂർ പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി. മേൽ കാര്യം വിശദമായി ചർച്ച ചെയ്യുന്നതിന് കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ അദ്ധ്യക്ഷതയിൽ 09.07.2015 ന് മാവൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ യോഗം വിളിച്ചു. ടി യോഗത്തിൽ ടി പ്രദേശത്തിന്റെ പ്രാധാന്യത്തെയും ആയത് സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ചർച്ച ചെയ്തു. തുടർന്ന് 05.08.2015 ന് സ്ഥല ഉടമകളുടേയും പരിസ്ഥിതി പ്രവർത്തകരുടേയും ജനപ്രതിനിധികളുടേയും പങ്കാളിത്തത്തോടെ വിപുലമായി യോഗം വിളിക്കുന്നതിന് തീരുമാനിക്കുകയും ടി യോഗത്തിൽ സ്ഥലം അക്വയർ ചെയ്ത് കമ്മ്യൂണിറ്റി റിസർവ്വാക്കി പ്രഖ്യാപിക്കുന്നതിന് ഐക്യകണ്ഠേന തീരുമാനിക്കുകയും സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.